# കേരളീയം–വി.കെ. മാധവൻകുട്ടി മാധ്യമപുരസ്കാരം–2019

# എൻട്രികൾ ക്ഷണിക്കുന്നു

തിരുവനന്തപുരം: പ്രശസ്ത പത്രപ്രവർത്തകനും കേരളീയം സ്ഥാപക പ്രസിഡൻറുമായിരുന്ന വി.കെ മാധവൻകുട്ടിയുടെ സ്മരണാർത്ഥം മാധ്യമപ്രവർത്തകർക്കായി കേരളീയം ഏർപ്പെടുത്തിയിട്ടുള്ള മാധ്യമ അവാർഡുകൾക്ക് എൻട്രികൾ ക്ഷണിച്ചു. ദൃശ്യ, അച്ചടി മാധ്യമങ്ങൾക്ക് പ്രത്യേകം അവാർഡുകളുണ്ടായിരിക്കും.

**സാമൂഹ്യപ്രതിബദ്ധതയെ അടിസ്ഥാനമാക്കി 2018 സെപ്റ്റംബർ 1 മുതൽ 2019 ആഗസ്റ്റ് 31 വരെ മലയാളപത്രങ്ങളിൽ പ്രസ്സിദ്ധീകരിച്ചതും മലയാളം ചാനലുകളിൽ സംപ്രേഷണം ചെയ്തതുമായ റിപ്പോർട്ടുകളാണ് അവാർഡിന് പരിഗണിക്കുന്നത്.** അച്ചടി മാധ്യമ അവാർഡിന് റിപ്പോർട്ടിൻെറ സാക്ഷാൽ രേഖയും അഞ്ചു പകർപ്പുകളും എഡിറ്ററുടെ സാക്ഷ്യപത്രമടക്കം നൽകണം. ദൃശ്യമാധ്യമ അവാർഡിന് ഡി.വി.ഡി കോപ്പിയും എഡിറ്ററുടെ സാക്ഷ്യപത്രവുമാണ് നൽകേണ്ടത്. പരമാവധി 5 മിനിറ്റ് ദൈർഘ്യമുള്ള റിപ്പോർട്ടുകൾ മാത്രമേ ദൃശ്യമാധ്യമ അവാർഡുകൾക്ക് പരിഗണിക്കുകയുള്ളൂ. എൻട്രികൾ 2019 ഒക്ടോബർ 31–നകം **സെക്രട്ടറി ജനറൽ, ഗ്ലോബൽ കേരളാ ഇനിഷ്യേറ്റീവ്– കേരളീയം, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം–695010** എന്ന വിലാസത്തിൽ ലഭിക്കണം.